# കേരള ചിക്കൻ; കുടുംബശ്രീയുടെ ആദ്യ ബ്രാൻഡഡ് വിപണനകേന്ദ്രത്തിന് ഔദ്യോഗിക തുടക്കം

തിരുവനന്തപുരം: കേരളത്തിലെ ആഭ്യന്തര ഇറച്ചിക്കോഴി വിപണിയിലെ 50 ശതമാനം ഇറച്ചിക്കോഴിയും സംസ്ഥാനത്ത് തന്നെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായുള്ള കുടുംബശ്രീയുടെ ആദ്യ വിപണന കേന്ദ്രം പ്രവർത്തനമാരാംഭിച്ചു. എറണാകുളം ജില്ലയിലെ നോർത്ത് പറവൂരിലെ വിപണന കേന്ദ്രത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ഇന്ന് (30-06-2020) ഓൺലൈൻ മുഖേന നിർവ്വഹിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ കേരളത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതി 2017 നവംബറിലാണ് ആരംഭിച്ചത്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐഎഎസ് പദ്ധതി വിശദീകരണം നടത്തി.

ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ കോഴി വളർത്തൽ യൂണിറ്റുകൾക്ക് നൽകി, വളർച്ചയെത്തുമ്പോൾ നിശ്ചിത തുക നൽകി തിരികെയെടുക്കുന്ന പ്രവർത്തനത്തിനായി തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായും (കെപ്കോ), എറണാകുളം, കോട്ടയം ജില്ലകളിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുമായും (എംപിഐ) കുടുംബശ്രീ ധാരണയിലെത്തി പ്രവർത്തനം നടത്തി. കൂടാതെ കോഴിവളർത്തുന്ന, വളർത്താൻ താത്പര്യമുള്ള 545 കർഷകർക്ക് കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ടും (സിഇഎഫ്) നൽകി. കൂടാതെ തിരുവനന്തപുരം ജില്ലയിലെ കഠിനംകുളത്ത് ബ്രീഡർ ഫാമും പൗൾട്രി ലൈനും റെൻഡറിങ് പ്ലാന്റും ഉൾപ്പെട്ട പൗൾട്രി പ്രോസസിങ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി ഉത്പാദനം മുതൽ വിപണനം വരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പദ്ധതിയുടെ ഭാഗമായ എല്ലാ കുടുംബശ്രീ ഇറച്ചിക്കോഴി കർഷകരെയും ഉൾപ്പെടുത്തി കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയും ആരംഭിച്ചിരുന്നു.

പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ 95 ഇറച്ചിക്കോഴി കർഷകർക്ക് ഇന്റഗ്രേഷൻ ഫാമിങ് അഥവാ കോൺട്രാക് ഫാമിങ് (1 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെയും മരുന്നും തീറ്റയും കർഷകർക്ക് നൽകി 40 ദിവസം വളർച്ചെയെത്തിയ ഇറച്ചിക്കോഴികളെ വളർത്ത് കൂലി നൽകി തിരികെയെടുക്കുന്ന പ്രവർത്തനം) അനുസരിച്ച് നാല് ആവൃത്തികളിലായി 4,16,000 കോഴിക്കുഞ്ഞുങ്ങളെ നൽകി വളർച്ചയെത്തിയ കോഴികളെ തിരികെ വാങ്ങി വിപണിയിലെത്തിക്കുകയും ചെയ്തു കഴിഞ്ഞു. പദ്ധതിയുടെ അടുത്തഘട്ടമെന്ന നിലയിലാണ് ഇന്റഗ്രേഷൻ ഫാമിങ് നടത്തുന്ന

കുടുംബശ്രീ കോഴി കർഷകരിൽ നിന്നും തിരികെയെടുക്കുന്ന ഇറച്ചിക്കോഴി നേരിട്ട് വിപണനം നടത്തുന്നതിനായുള്ള കുടുംബശ്രീയുടെ ബ്രാൻഡഡ് വിപണന കേന്ദ്രം ആരംഭിച്ചിരിക്കുന്നത്. പറവൂർ മുനിസിപ്പൽ സിഡിഎസിന് കീഴിലുള്ള അയൽക്കൂട്ടാംഗങ്ങളായ രേണുക രാജൻ, അനശ്വര എന്നിവരാണ് ഈ വിപണന കേന്ദ്രം നടത്തുന്നത്. ഈ കേന്ദ്രത്തിലേക്ക് ചിക്കൻ എത്തിക്കുന്നത് 5 കുടുംബശ്രീ കർഷകരാണ്. 2020 ജൂലൈ 15നകം എറണാകുളം ജില്ലയിലെ തിരുമാറാടി, ആയവന, കോട്ടപ്പടി, മാറാടി എന്നിവിടങ്ങളിലും വിപണന കേന്ദ്രങ്ങൾ ആരംഭിക്കും. 2020 ഡിസംബറോടെ 220 കർഷകർ മുഖേന ഇന്റഗ്രേഷൻ ഫാമിങ് നടത്തി 200 ഔട്ട്ലെറ്റുകൾ വിവിധ ജില്ലകളിലായി ആരംഭിക്കും.

മന്ത്രിയുടെ ഓഫീസിൽ നടന്ന ചടങ്ങിൽ കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് ഡയറക്ടറായ എസ്. പ്രസന്നകുമാരി, കുടുംബശ്രീ ഉദ്യോഗസ്ഥരായ ---- എന്നിവരും വിപണനകേന്ദ്രത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ പറവൂർ നഗരസഭാ ചെയർമാൻ പ്രദീപ് തോപ്പിൽ അധ്യക്ഷനായി. എറണാകുളം കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ (ഇൻചാർജ്) എസ്. രഞ്ജിനി സ്വാഗതം ആശംസിച്ചു. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും കുടുംബശ്രീ ഗവേണിങ് ബോഡി അംഗവുമായ പ്രൊഫ. കെ.കെ. ജോഷി മുഖ്യാതിഥിയായിരുന്നു. വാർഡ് മെമ്പർ രാമചന്ദ്രൻ ആശംസ അറിയിച്ചു. പറവൂർ സിഡിഎസ് ചെയർപേഴ്സൺ ഗീത പരമേശ്വരൻ നന്ദി പറഞ്ഞു.